# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. OCTOBER 2024. ₹5.00

VOL. 09 - ISSUE NO. 04 - DATE OF PUBLICATION 25TH OCTOBER, 2024 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


## നേതൃത്വം ഒരു അവസരമാണ്

### സ്വയം പര്യാപ്തതയ്ക്കും രാഷ്ട്ര നിർമ്മാണത്തിനും



FREEPIK

Kerala:

# INVEST IN TOMORROW'S TASTE

- Dive into Kerala's flourishing food ecosystem.
- Sustainable, innovative and growth-driven.
- A blend of tradition, innovation, and unmatched potential.
- Join us to invest and redefine the future of food.
- Where flavour meets fortune.



## *RESPONSIBLE INDUSTRY, RESPONSIBLE INVESTMENT*

Visit website for more details:
ksidc.org
industry.kerala.gov.in

Toll Free Number
1800 890 1030

Invest Kerala
NATURE. PEOPLE. INDUSTRY.

KSSiA NEWS
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION OCTOBER 2024 ₹5.00

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. 94477 10078
nazwoodind@gmail.com

**General Secretary**
Joseph Paikada
Cochin. 94972 24422
josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. 98460 53553
info@manoramasalescorporation.com

A. Fasiludeen
Trivandrum. 94007 04000
fthoppil@yahoo.com

A.V. Sunilnath
Kozhikode. 93497 44145
sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. 94475 30569
jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. 98470 42743
M.M. Mujeeb Rahiman
Ernakulam. 94477 36134
Anvar.K.V.
Malappuram. 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, 93873 05751
md@unicornplywoods.com

**Members**
A. Nizarudeen ..... 94477 10078
Joseph Paikada..... 94972 24422
Rajesh. G ........... 98957 03837
Thomas Mathew.. 80756 59942
Eshaque K.......... 98470 08185

**Printer & Publisher**
K.P. Ramachandran Nair
94470 17899

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. 0484-2559701, 2558538

## ഉള്ളടക്കം

- **എഡിറ്റോറിയൽ:**
  കേരളം വളരുന്നു വ്യവസായങ്ങളിലൂടെ ......... 03
- **പ്രസിഡൻഷ്യൽ റിപ്പോർട്ട്:**
  വ്യവസായ സൗഹൃദ അന്തരീക്ഷ രൂപികരണം:
  കേരളം ഒന്നാം സ്ഥാനത്തേക്ക് ......................... 05
- **വോയിസ് ഓഫ് ജനറൽ സെക്രട്ടറി:**
  സഹകരണത്തിന് നന്ദി................................ 07
- ജി.എസ്.ടി. ചോദ്യോത്തര പംക്തി ................ 08
- കെ.എസ്.എസ്.ഐ.എ. സംസ്ഥാന
  ഭാരവാഹികൾ 2024-2026...................... 11, 21
- അഭിമാനം ആവോളം;
  നമ്മുടെ കേരളം തിളങ്ങുന്നു ......................... 12
- ബയോ കണക്ക് 2.0 ..................................... 14
- ഉദ്യം രജിസ്ട്രേഷൻ: അറിയേണ്ടത് എല്ലാം ..... 16
- ആനുവൽ ജനറൽ ബോഡി യോഗവും
  സംസ്ഥാന കോൺഫറൻസും ...................... 18
- ജില്ലാ വാർത്തകൾ........................................ 22

# എഡിറ്റോറിയൽ

## കേരളം വളരുന്നു വ്യവസായങ്ങളിലൂടെ



**ശാ**സ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അനിതര സാധാരണമായ കുതിപ്പ് ജീവിതത്തിന്റെ സകല മേഖലകളെയും ഉന്നതിയിലേക്ക് ഉയർത്തി കൊണ്ടിരിക്കുന്നു.

സകല രാജ്യങ്ങളും വികസനത്തിലേക്കുള്ള കുതിപ്പിലാണ്. കുതിപ്പിന്റെ ശക്തി സാമ്പത്തിക അടിസ്ഥാനമാണല്ലോ. ചൈനയും അമേരിക്കയും ജർമ്മനിയും സിംഗപ്പൂരും ഒക്കെ നമ്മുടെ മുന്നിലെ നേർക്കാഴ്ചകളാണ്.

ഒരു സംസ്ഥാനം എന്ന നിലയിൽ വികസനത്തിന്റെ അടിത്തറ സാമ്പത്തിക വളർച്ചയാണ് എന്ന് കണ്ട് കേരളം, വ്യവസായ വികസനത്തിൽ അതീവ താല്പര്യത്തിലാണ്. എന്നാൽ വ്യവസായത്തിന്റെ ഗതി വേഗത്തിൽ ഇപ്പോഴും പല പല നടപടിക്രമങ്ങളും തടസ്സമായിത്തിരുന്നുണ്ട്. കാലാകാലങ്ങളിൽ മാറി മാറി വരുന്ന നിയമങ്ങൾ പോലും പ്രശ്നങ്ങളായി മാറുന്നു. ഉദാഹരണം ഫാക്ടറികളുടെ ദൂരപരിധി, റോഡു വികസനത്തിൽ നിലവിലുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും വിട്ടുകൊടുത്ത ആനുകൂല്യങ്ങൾ പോലും ഫാക്ടറികൾക്ക് കിട്ടുന്നില്ല. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കാനുള്ള പൊതുവഴികൾ നാം കണ്ടെത്തിയേ മതിയാവൂ. ഒട്ടനവധി ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് കിടക്കുകയാണ് വ്യവസായത്തിന്റെ വളർച്ച. ഉദാഹരണമായി, വ്യവസായ, നിയമ, വൈദ്യുതി, പൊലൂഷൻ, റവന്യൂ, തദ്ദേശ സ്വയംഭരണം, ഫോറസ്റ്റ് എന്നിവയും മറ്റ് പല വകുപ്പുകളും ഒക്കെ ആയി ബന്ധപ്പെട്ട് കിടക്കുന്നു. എന്നാൽ വ്യവസായ വികസനം എങ്ങനെ എളുപ്പവഴിയിലാക്കാം എന്ന ഒരു ചെറു നിർദ്ദേശം ചെറുകിട വ്യവസായ സംഘടന മുന്നോട്ടു വയ്ക്കുകയാണ്.

വ്യവസായ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുകയും, ഒരു നിശ്ചിത ഇടവേളയിൽ വ്യവസായ വിശകലനം നടത്തുകയും, വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ട്മെന്റുകളിലേയും പ്രതിനിധികളെയും വ്യവസായ പ്രതിനിധിയേയും ഉൾപ്പെടുത്തി ഒരു ഉന്നത അധികാര സമിതി ഉണ്ടാക്കുന്നതിനെ കുറിച്ച് സർക്കാർ സഗൗരവം പരിഗണിക്കണമെന്ന അഭ്യർത്ഥനയോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**

INDIA INTERNATIONAL INDUSTRIAL EXPO

**Limited Stalls Available**

2024 Dec.

13 14 15

KINFRA INTERNATIONAL EXHIBITION CUM CONVENTION CENTRE

The MSME - PMS Incentive scheme applies to KSSIA members, who also enjoy a 10% discount on stalls.




# INDIA INTERNATIONAL INDUSTRIAL EXPO 2024

KOCHI I KERALA I INDIA

www.iiie.in

For more details: +91-9947733339 +91-9995139933 info@iiie.in

DEPARTMENT OF INDUSTRIES & COMMERCE

MSME

KSSIA THE KERALA STATE SMALL INDUSTRIES ASSOCIATION

METRO MEDIA



# വ്യവസായ സൗഹൃദ അന്തരീക്ഷ രൂപീകരണം: കേരളം ഒന്നാം സ്ഥാനത്തേക്ക്

പ്രസിഡൻഷ്യൽ റിപ്പോർട്ട്

**കെ.**എസ്.എസ്.ഐ.എ. യുടെ 64 വർഷത്തെ പ്രവർത്തന അനുഭവത്തിൽ സംസ്ഥാനത്തുണ്ടായ വ്യവസായ വളർച്ചയിലും വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ച നിശ്ചയദാർഢ്യത്തിന്റെയും ആത്മാർത്ഥമായ പ്രവർത്തനങ്ങളുടെയും ഫലം കൂടിയാണ് ദേശീയ തലത്തിൽ കേരളം വ്യവസായ ഭൂപടത്തിൽ ഒന്നാം റാങ്കിൽ എത്താൻ സഹായകരമായത്. ഈ നേട്ടം ഇന്ത്യയ്ക്ക് തന്നെ ഒരു മാതൃകയാക്കാനുള്ള പ്രചോദനമായിരിക്കും. വ്യവസായ രംഗത്ത് ലൈസൻസ് സംബന്ധമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് 7 ആക്ടുകളും 10 ചട്ടങ്ങളും ഭേദഗതി ചെയ്യുകയുണ്ടായി. കേരളത്തിൽ നിലവിലുള്ള വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കുന്നതിനും വ്യവസായം സുഗമമായി നടത്തി കൊണ്ടു പോകുന്നതിനും വ്യവസായ സൗഹൃദ സംസ്ഥാനമായി ലോകത്തെ പരിചയപ്പെടുത്തുന്ന ഒരു സംസ്ഥാനമായതാണ് ഏറ്റവും വലിയ നേട്ടം. ഈ നേട്ടം കൈവരിക്കാൻ അഹോരാത്രം ശ്രമിച്ച സംസ്ഥാന സർക്കാരിനും വ്യവസായ വകുപ്പ് മന്ത്രിയ്ക്കും, മറ്റു ഡിപ്പാർട്ട്മെന്റിനും എന്റെ ഹൃദയംഗമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**കേരളത്തിൽ വളരാൻ സാദ്ധ്യതയുള്ള മേഖലകൾ:**

കാർഷിക മേഖല അധിഷ്ഠിതമായ വ്യവസായങ്ങൾ, ഭക്ഷ്യ അധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ അധിഷ്ഠിത വ്യവസായം, പാദരക്ഷാ നിർമ്മിത വ്യവസായം, ഐ.ടി. മേഖല, ആയുർവേദമേഖല, അഗ്രികൾച്ചറൽ എഞ്ചിനിയറിങ്, ഹെർബൽ ടൂറിസം എന്നിവയാണ്.

നിലവിലെ ചില ചട്ടങ്ങളിലും നിയമങ്ങളിലും കുറച്ച് മാറ്റങ്ങൾ വരുത്തിയാൽ ഉചിതമായിരിക്കും.

1. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് വേണ്ടത്ര ഭൂമിയില്ല. അതിനാൽ ഫാക്ടറി കെട്ടിടം നിർമിക്കുമ്പോൾ നാലു വശത്തുമുള്ള സെറ്റ്ഓഫ് 3 വശങ്ങളിലായി 1.5 മീറ്ററും മുൻവശത്ത് 3 മീറ്ററുമായി കുറയ്ക്കണം. ഇതിന് കെട്ടിട നിർമാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തണം.
2. അഗ്നി സുരക്ഷാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണം. പാലിക്കുന്നതിനുള്ള ചെലവ് വളരെ ഉയർന്നതാണ്.
3. നമ്മുടെ സംസ്ഥാനത്ത് ധാരാളം വീടുകളും ഫ്ളാറ്റുകളും ഒഴിഞ്ഞു കിടക്കുന്നു. ഒഴിഞ്ഞുകിടക്കുന്ന ഈ കെട്ടിടങ്ങളിൽ മൈക്രോ സംരംഭങ്ങൾ തുടങ്ങാൻ അനുമതി നൽകണം.
4. കെ-സ്വിഫ്റ്റ് പ്ലാറ്റ്ഫോമിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും തടസ്സമില്ലാതെ നേടണം.
5. ഒരു വ്യവസായം തുടങ്ങാൻ ഒരു സംരംഭകന് എന്ത് ലൈസൻസ് ലഭിക്കണം എന്ന് സൂചിപ്പിക്കുന്ന വ്യക്തമായ റെഡി റെക്കണർ ബുക്ക്ലെറ്റ് പ്രസിദ്ധീകരിക്കണം. ഈ ലൈസൻസുകൾ ലഭിക്കുന്നതിന് ഓരോ വകുപ്പും അനുശാസിക്കുന്ന വ്യവസ്ഥകളും ഈ ലഘുലേഖയിൽ സൂചിപ്പിക്കണം.
6. വ്യവസായങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് അയൽക്കാരിൽ നിന്നുള്ള പരാതികളാണ്. സംസ്ഥാനത്ത് കൂടുതൽ എം.എസ്.എം.ഇ.കൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടി സർക്കാർ ആരംഭിച്ച ഒരു കാമ്പയിൻ ഈ പ്രശ്നം ലഘൂകരിക്കുന്നതിന് വളരെയധികം സഹായിക്കും.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് മാറ്റം വരുത്തിയാൽ ഒരു പരിധിവരെ വ്യവസായ വളർച്ച ദ്രുതഗതിയിൽ ആവാൻ വളരെയധികം ഗുണം ചെയ്യുന്നതാണ്. ആയതിനാൽ മേൽ വിഷയങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.



കെ.എസ്.എസ്.ഐ.എ. യുടെ 63-ാം മത് ആനുവൽ ജനറൽ ബോഡി യോഗം 2024 സെപ്റ്റംബർ 30-ന് ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു. പ്രസ്തുത സമ്മേളനത്തിൽ വച്ച് എന്നെ വീണ്ടും സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുത്ത എല്ലാ ജില്ലാ ഭാരവാഹികൾ, ജനറൽ കൗൺസിൽ-സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, എന്നിവരോടുള്ള എന്റെ അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**



Pexels

MOFPI
MINISTRY OF FOOD PROCESSING INDUSTRIES
GOVERNMENT OF INDIA

PMFME
सूक्ष्म उद्यमों का संबल

വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ

K-bip



# ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക്
# വലിയ ഉയരങ്ങൾ താണ്ടാം

## പ്രധാൻ മന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പിഎംഎഫ്എംഇ) പദ്ധതി

**ഓരോ അപേക്ഷകനും ആദ്യാന്ത്യം സമ്പൂർണ കൈത്താങ്ങ് ഉറപ്പാക്കുന്നു**

- **10 ലക്ഷം രൂപ വരെ സബ്സിഡി**
  യോഗ്യമായ പദ്ധതി ചിലവിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡിയായി പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം

- **എസ്.എച്ച്.ജി. അംഗങ്ങൾക്ക് 40,000 രൂപ വരെ ധനസഹായം**
  സ്വയം സഹായ സംഘങ്ങളിലെ ഓരോ അംഗത്തിനും പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 40000 രൂപ വരെ ധനസഹായം

- **പൊതു അടിസ്ഥാന സൗകര്യത്തിന് 3 കോടി രൂപ വരെ**
  പൊതു അടിസ്ഥാന സൗകര്യത്തിനും മൂലധന നിക്ഷേപത്തിനും എസ്.എച്ച്.ജി., എഫ്.പി.ഒ., സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 3 കോടി രൂപ വരെ ധനസഹായം



കൂടുതൽ വിവരങ്ങൾക്ക്

**ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**
മൂന്നാം നില, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം - 695033.
ഫോൺ: 91 471 2302774 | ഫാക്സ്: +91 471 2305493
ഇമെയിൽ: industriesdirectorate@gmail.com
വെബ്: www.industry.kerala.gov.in

K-bip
**കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ**
2, വിദ്യാ നഗർ, പൊലീസ് ഗ്രൗണ്ടിന് എതിർവശം,
തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014.
ഫോൺ: +91 471 2321882 | ഫാക്സ്: +91 471 2322883
ഇമെയിൽ: kbip@keralaindustry.org | വെബ്: www.kbip.org



# സഹകരണത്തിന് നന്ദി

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി

**കേ**രള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ 2024-2026 കാലഘട്ടത്തിലെ ജനറൽ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തതിന് ബന്ധപ്പെട്ട എല്ലാവരോടുമുള്ള നന്ദി ആദ്യമായി രേഖപ്പെടുത്തുന്നു. രണ്ടു വർഷമാണ് ഞാൻ ഉൾപ്പെട്ട കമ്മിറ്റിയുടെ കാലാവധി. ഈ രണ്ട് വർഷം ഞങ്ങളിൽ ഏല്പിച്ച ഉത്തരവാദിത്വം അതർഹിക്കന്ന ഗൗരവത്തിൽതന്നെ ഏറ്റെടുത്ത് പ്രവർത്തിക്കുമെന്ന് അംഗങ്ങക്ക് വാദ്ഗാനം ചെയ്യുന്നു. വ്യവസായ മേഖലയുടെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംഘടനയുടെ കെട്ടുറുപ്പ് വിപുലീകരിക്കുന്നതിനും മുൻ ഭാരവാഹികൾക്ക് നല്കിയ എല്ലാ സഹായ സഹകരണങ്ങളും ഈ ഭരണ സമിതിയ്ക്കും നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്ന് സംസ്ഥാനത്ത് നിലനില്ക്കുന്ന അനുകൂലമായ വ്യവസായ സൗഹൃദ അന്തരീക്ഷം കോട്ടം തട്ടാതെയും കൂടുതൽ മെച്ചപ്പെടുത്താനും സർക്കാരിനോടൊപ്പം വ്യവസായ സമൂഹവും നമ്മുടെ സംഘടനയും ഒത്തൊരുമിച്ച് നിന്ന് പ്രവർത്തിക്കേണ്ട ആവശ്യകതയും ഇവിടെ ഊന്നി പറയുകയാണ്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ 15-ാം റാങ്കിൽ നിന്നും കുതിച്ചുയർന്ന് ദേശീയ തലത്തിൽ ഒന്നാം സ്ഥാനത്തേക്ക് എത്താൻ സർക്കാരിനോടൊപ്പം നമ്മുടെ സംഘടനയും വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതാണ്. സർക്കാർ തലത്തിലും മറ്റു വിവിധ മേഖലയിലും കെ.എസ്.എസ്.ഐ.എ. യ്ക്കുള്ള അംഗീകാരം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സർക്കാർ തലത്തിൽ വ്യവസായ സംബന്ധമായി രൂപികരിക്കപ്പെട്ട ഏതാണ്ട് 35-ഓളം കമ്മിറ്റികളിൽ സംസ്ഥാന സംഘടനയ്ക്കും, 15-ഓളം കമ്മിറ്റികളിൽ ജില്ലകൾക്കും പ്രാതിനിധ്യമുണ്ട്. സംരംഭകരുടെ പ്രശ്നങ്ങൾ അതാത് കമ്മിറ്റികളിൽ ഉന്നയിച്ച് പ്രശ്ന പരിഹാരം കാണാനും സംഘടനയുടെ പ്രതിനിധികൾ ശ്രമിക്കുന്നുണ്ട്.

സംസ്ഥാന മുഖ്യമന്ത്രി, ധനകാര്യ, വ്യവസായ, റവന്യു, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാർ ഉൾപ്പടെ എല്ലാ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും ഈ സംഘടനയുമായി സഹകരിക്കുകയും സംഘടനയുടെ പ്രതിനിധികൾ വെക്കുന്ന നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് പരിഹാരം കണ്ടെത്തുന്നതിനും സഹായകരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ അനുകൂലമായ വ്യവസായ സൗഹൃദ നിലപാടിനൊപ്പം സർക്കാരുമായും സഹകരിച്ചും പിന്തുണയും നല്കികൊണ്ടുള്ള മുൻ ഭാരവാഹികളുടെ സമീപനം ഈ കമ്മിറ്റിയും തുടർന്ന് പോകുമെന്ന് ഞങ്ങൾ ഉറപ്പ് നല്കുന്നു. അതോടൊപ്പം ഞങ്ങളുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകണമെന്നും ഒരിക്കൽ കൂടി എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ■

**ജോസഫ് പൈകട**
**ജനറൽ സെക്രട്ടറി**



Pexels

KSSIA NEWS
OCTOBER 2024

# GST



## ചോദ്യോത്തര പംക്തി

അഡ്വ. കെ.എസ്. ഹരിഹരൻ
B.Com, LLB, MBA, LLM

**ജി.എസ്.ടി. നിയമത്തിൽ ഫിനാൻസ് (നം.2) ആക്റ്റ്, 2024 എന്ന നിയമത്തിലൂടെ പാർലമെന്റ് പാസ്സാക്കിയ ഭേദഗതികൾ, സെപ്റ്റംബർ 27, 2024-ന് പുറപ്പെടുവിക്കപ്പെട്ട നോട്ടിഫിക്കേഷൻ നം. 17/2024 CT എന്ന നോട്ടിഫിക്കേഷനിലൂടെ, പ്രാബല്യത്തിൽ കൊണ്ടുവരപ്പെട്ടിരിക്കുകയാണ്.**

**ജി.എസ്.ടി. നിയമത്തിൽ വളരെ പ്രസക്തമായ ഒരു പിടി ഭേദഗതികളാണ് ഇപ്പോൾ വന്നിരിക്കുന്നത്. അവയിൽ ഏറ്റവും ശ്രദ്ധേയമായ ചിലത് ഈ ലേഖനത്തിൽ വിശദീകരിക്കുന്നു.**

### (1) 2020-21 വരെയുള്ള കാലയളവുകളിലെ ITC നവംബർ 2021-ലെ റിട്ടേൺ ഫയൽ ചെയ്യുന്നതുവരെ ക്ലെയിം ചെയ്യാം എന്ന് പറയുന്ന പുതിയ സെക്ഷൻ 16(5):

സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 16-ൽ 01.07.2017 മുതൽക്ക് മുൻകാല പ്രാബല്യത്തോടെ പുതുതായി (5) എന്ന ഒരു സബ്സെക്ഷൻ ചേർക്കപ്പെട്ടിരിക്കുന്നു. സെക്ഷൻ 16(4)ൽ പറയുന്ന സമയപരിധിയ്ക്കെല്ലാം ഉപരിയായി, സെക്ഷൻ 16(5) ബാധകമാണ്. 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഇൻവോയ്സുകളെയും ഡെബിറ്റ് നോട്ടുകളെയും സംബന്ധിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തുക, നവംബർ 30, 2021 വരെ ഫയൽ ചെയ്യപ്പെട്ട ഏതൊരു സെക്ഷൻ 39 റിട്ടേണിലൂടെയും ക്ലെയിം ചെയ്യാം എന്ന് സെക്ഷൻ 16(5) പറയുന്നു.

ഈ സെക്ഷൻ 16(5) മുമ്പേ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിൽ അടയ്ക്കേണ്ടിയിരുന്നില്ലാത്തതോ റിവേഴ്സ് ചെയ്യേണ്ടിയിരുന്നില്ലാത്തതോ ആയിരുന്ന നികുതിയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ, 01.11.2024-നു മുമ്പുതന്നെ അടച്ചുപോവുകയോ റിവേഴ്സ് ചെയ്തുപോവുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആ നികുതിയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ റീഫണ്ട് ചെയ്തു ലഭിക്കുന്നതല്ല എന്ന് ഫിനാൻസ് (നം.2) ആക്റ്റ്, 2024-ൽ പറഞ്ഞിട്ടുണ്ട്.

### (2) രജിസ്ട്രേഷൻ റദ്ദു ചെയ്യപ്പെടുകയും പിന്നീട് ആണ് റദ്ദാക്കൽ പിൻവലിക്കപ്പെടുകയും ചെയ്ത സാഹചര്യങ്ങളിൽ ഐ.ടി.സി. ക്ലെയിം ചെയ്യാനുള്ള അവസാന തീയതി നീട്ടിനൽകുന്ന പുതിയ സെക്ഷൻ 16(6):

സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 16ൽ 01.07.2017 മുതൽക്ക് മുൻകാല പ്രാബല്യത്തോടെ പുതുതായി (6) എന്ന ഒരു സബ്സെക്ഷൻ കൂടി ചേർക്കപ്പെട്ടിരിക്കുന്നു.

ഏതെങ്കിലും നികുതിദായകന്റെ ജി.എസ്.ടി. രജിസ്ട്രേഷൻ സി.ജി.എസ്.ടി. ആക്റ്റിന്റെ സെക്ഷൻ 29നു കീഴിൽ റദ്ദുചെയ്യപ്പെടുകയും, പിന്നീട് ഏതെങ്കിലും അതോറിറ്റിയോ ട്രൈബ്യൂണലോ കോടതിയോ പാസ്സാക്കുന്ന ഒരു ഉത്തരവ് മൂലം ആ റദ്ദാക്കൽ പിൻവലിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, രജിസ്ട്രേഷൻ റദ്ദുചെയ്യപ്പെട്ട തീയതിയിൽ നികുതിദായകന് ലഭ്യമായിരുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ രണ്ട് ഓപ്ഷനുകൾ മുന്നോട്ടു വയ്ക്കുകയാണ് സെക്ഷൻ 16-ൽ പുതുതായി ചേർക്കപ്പെട്ട സബ്സെക്ഷൻ (6). താഴെ പറയുന്നവയാണ് ആ രണ്ട് ഓപ്ഷനുകൾ:

ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമായി ബന്ധപ്പെട്ട ഇൻവോയ്സോ ഡെബിറ്റ് നോട്ടോ പുറപ്പെടുവിക്കപ്പെട്ട സാമ്പത്തികവർഷത്തിന്റെ തൊട്ടടുത്ത സാമ്പത്തികവർഷത്തിലെ നവംബർ 30-ാം തീയതിയ്ക്കുള്ളിലോ,

❖ ആ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമായി ബന്ധപ്പെട്ട ഇൻവോയ്സോ ഡെബിറ്റ് നോട്ടോ പുറപ്പെടുവിക്കപ്പെട്ട സാമ്പത്തികവർഷത്തിന്റെ വാർഷിക റിട്ടേൺ സമർപ്പിക്കാനുള്ള അവസാന തീയതിയ്ക്കുള്ളിലോ, ഏതാണോ ആദ്യം വരുന്നത് ആ തീയതിയ്ക്കുള്ളിൽ, സമർപ്പിക്കുന്ന ഏതെങ്കിലും സെക്ഷൻ 39 റിട്ടേണിലൂടെ ആ ITC ക്ലെയിം ചെയ്യാം.

❖ രജിസ്ട്രേഷൻ റദ്ദായിരുന്ന കാലയളവിനെ സംബന്ധിക്കുന്ന റിട്ടേൺ സമർപ്പിക്കുമ്പോൾ ആ റിട്ടേണിലൂടെ ക്ലെയിം ചെയ്യാം. ആ റിട്ടേൺ സമർപ്പിക്കുന്നത് രജിസ്ട്രേഷൻ റദ്ദാക്കൽ പിൻവലിക്കുന്ന ഉത്തരവ് ഇറങ്ങി 30 ദിവസത്തിനുള്ളിൽ ആണെങ്കിൽ മാത്രമാണ് ഈ രണ്ടാം ഓപ്ഷൻ ലഭ്യം.



ഈ സെക്ഷൻ 16(6) മുമ്പേ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിൽ അടയ്ക്കേണ്ടിയിരുന്നില്ലാത്തതോ റിവേഴ്സ് ചെയ്യേണ്ടിയിരുന്നില്ലാത്തതോ ആയിരുന്ന നികുതിയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ, 01.11.2024-നു മുമ്പുതന്നെ അടച്ചുപോവുകയോ റിവേഴ്സ് ചെയ്തുപോവുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ആ നികുതിയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ റീഫണ്ട് ചെയ്തു ലഭിക്കുന്നതല്ല എന്ന് ഫിനാൻസ് (നം.2) ആക്റ്റ്, 2024ൽ പറഞ്ഞിട്ടുണ്ട്.

### (3) നോട്ടീസും ഉത്തരവും പുറപ്പെടുവിക്കാനുള്ള പുതിയ സെക്ഷൻ 74A:

സി.ജി.എസ്.ടി. ആക്റ്റിൽ 01.11.2024 മുതൽക്ക് പ്രാബല്യത്തോടെ സെക്ഷൻ 74A എന്ന ഒരു പുതിയ സെക്ഷൻ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. സെക്ഷൻ 73-ന്റെയും 74-ന്റെയും കാലം 2023-24 സാമ്പത്തികവർഷത്തോടു കൂടി അവസാനിക്കുകയാണ്. 2024-25 കാലഘട്ടം മുതൽ, അടയ്ക്കേണ്ട നികുതി അടയ്ക്കാതിരിക്കുന്നതിനും കുറച്ചുമാത്രം അടയ്ക്കുന്നതിനും തെറ്റായി റീഫണ്ട് എടുക്കുന്നതിനും തെറ്റായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുമൊക്കെയുള്ള കാരണം കാണിക്കൽ നോട്ടീസ് അയക്കപ്പെടാൻ പോകുന്നതും പെനാൽറ്റിയും പലിശയും ചുമത്തപ്പെടാൻ പോകുന്നതും സെക്ഷൻ 74 അ മുഖാന്തിരമാണ്.

#### (i) സെക്ഷൻ 73-നും 74-നും പകരം ഇനിയങ്ങോട്ട് 74A:

മുമ്പ്, മനഃപൂർവ്വമല്ലാത്ത കാരണങ്ങൾ മൂലം നികുതി അടയ്ക്കാതെപോകുന്നവർക്ക് സെക്ഷൻ 73-നു കീഴിലും, മനഃപൂർവ്വം നികുതി വെട്ടിക്കണം എന്ന ഉദ്ദേശ്യത്തോടെ നികുതി അടയ്ക്കാതിരിക്കുന്നവർക്ക് സെക്ഷൻ 74-നു കീഴിലും ആയിരുന്നു പെനാൽറ്റി ചുമത്തപ്പെട്ടിരുന്നത്. 2024 ഏപ്രിൽ 1 മുതൽ അത്തരം രണ്ടു കൂട്ടർക്കും ഒരേയൊരു സെക്ഷൻ 74A തന്നെയാണ് ബാധകം. പെനാൽറ്റിയുടെ പരിധിയും സ്വമേധയാ നികുതിയടച്ചു രക്ഷപ്പെടാനുള്ള നടപടികളും ഒഴികെ മറ്റെല്ലാ നടപടികളും 2024 ഏപ്രിൽ 1 മുതൽ രണ്ടു കൂട്ടർക്കും ഒന്നുതന്നെയാണ്.

**(ii) പുതിയ സെക്ഷൻ 74A പ്രകാരമുള്ള പെനാൽറ്റിത്തുക:**

മനഃപൂർവ്വമല്ലാത്ത കാര്യങ്ങൾ മൂലം നികുതിയടയ്ക്കാത്തവർക്കും തെറ്റായ ഇൻപുട്ട് ടാക്സ് എടുത്തവർക്കും ഉള്ള പെനാൽറ്റി, സെക്ഷൻ 74A യുടെ സബ്സെക്ഷൻ (5) ന്റെ ക്ലോസ് (i)ൽ പറയുന്നു. ഈ വകുപ്പ് പ്രകാരം, ആ വ്യക്തി അടയ്ക്കേണ്ടതായ നികുതിയുടെ പത്ത് ശതമാനത്തിന് തത്തുല്യമായ തുകയോ, 10,000/- രൂപയോ, ഏതാണോ കൂടുതൽ, ആ തുകയാണ് പെനാൽറ്റി. പഴയ സെക്ഷൻ 73(9)ൽ പറയുന്ന അതേ പെനാൽറ്റിത്തുക തന്നെയാണ് സെക്ഷൻ 74A (5)(i)ലും പറയുന്നത്.



നികുതി വെട്ടിക്കണം എന്ന ഉദ്ദേശ്യത്തോടെയുള്ള തട്ടിപ്പോ മനഃപൂർവ്വമുള്ള തെറ്റായ പ്രസ്താവനയോ മനഃപൂർവ്വമുള്ള വസ്തുത മറച്ചുവയ്ക്കലോ മൂലം നികുതിയടയ്ക്കാത്തവർക്കും തെറ്റായ ഇൻപുട്ട് ടാക്സ് എടുത്തവർക്കും ഉള്ള പെനാൽറ്റി, സെക്ഷൻ 74A യുടെ സബ്സെക്ഷൻ (5)ന്റെ ക്ലോസ് (ii)ൽ പറയുന്നു. ഈ വകുപ്പ് പ്രകാരം, ആ വ്യക്തി അടയ്ക്കേണ്ടതായ നികുതിയ്ക്ക് തത്തുല്യമായ തുകയാണ് പെനാൽറ്റി. പഴയ സെക്ഷൻ 74(9)ൽ, നികുതി വെട്ടിക്കണം എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്നവർക്കുള്ള പെനാൽറ്റിയ്ക്ക് പരിധിയൊന്നും നിശ്ചയിച്ചിരുന്നില്ല. പുതിയ സെക്ഷൻ 74A(5)(ii) പ്രകാരം പെനാൽറ്റി നികുതിയ്ക്ക് തത്തുല്യമായ തുകയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

**(iii) നികുതിയിലെയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിലെയോ റീഫണ്ടിലെയോ ചെറിയ വ്യത്യാസങ്ങൾക്ക് ഇനി മുതൽ നടപടിയില്ല:**

സെക്ഷൻ 74A (1)ന്റെ പ്രൊവൈസോ മുഖാന്തിരം, ഒരു സാമ്പത്തിക വർഷത്തിൽ നികുതി അടച്ചതിലെ കുറവോ തെറ്റായി കൈപ്പറ്റിയ റീഫണ്ടോ തെറ്റായി എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ ആയിരം രൂപയിൽ താഴെ മാത്രമാണ് എങ്കിൽ സെക്ഷൻ 74A യ്ക്ക് കീഴിലുള്ള നടപടിക്രമങ്ങൾ തുടങ്ങേണ്ടതില്ല എന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**(iv) നോട്ടീസിന്റെയും ഉത്തരവിന്റെയും സമയപരിധി:**

മുമ്പ്, മനഃപൂർവ്വമല്ലാത്ത കാരണങ്ങളുടെ പേരിൽ നികുതി കുറവ് അടച്ചതായോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ റീഫണ്ടോ തെറ്റായി എടുത്തതായോ കാണപ്പെടുന്ന സാഹചര്യങ്ങളിൽ സെക്ഷൻ 73(10) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടത് പ്രസ്തുത സാമ്പത്തികവർഷത്തെ സംബന്ധിക്കുന്ന വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി മുതൽ മൂന്നു വർഷങ്ങൾക്കുള്ളിൽ, അല്ലെങ്കിൽ പ്രസ്തുത ആയിരുന്നു. കാരണം കാണിക്കൽ നോട്ടീസ് അയക്കേണ്ടത് ആ സമയപരിധിയേക്കാൾ കുറഞ്ഞത് മൂന്നു മാസം മുമ്പും ആയിരുന്നു.

മനഃപൂർവ്വം നികുതി കുറവ് അടച്ചതായോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ റീഫണ്ടോ തെറ്റായി എടുത്തതായോ കാണപ്പെടുന്ന സാഹചര്യങ്ങളിൽ സെക്ഷൻ 74(10) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കേണ്ടത് മൂന്നു വർഷങ്ങൾക്കുള്ളിൽ ആയിരുന്നു. കാരണംകാണിക്കൽ നോട്ടീസ് അയക്കേണ്ടത് ആ സമയപരിധിയേക്കാൾ കുറഞ്ഞത് ആറു മാസം മുമ്പും ആയിരുന്നു.

ഇപ്പോൾ സെക്ഷൻ 74A(2) പ്രകാരം മേൽപ്പറഞ്ഞ രണ്ടു സാഹചര്യങ്ങളിലും നോട്ടീസ് അയക്കേണ്ടത് 42 മാസങ്ങൾ, അതായത് മൂന്നര വർഷങ്ങൾക്കുള്ളിൽ ആണ്. സെക്ഷൻ 74A(7) പ്രകാരം, നോട്ടീസ് അയച്ച തീയതി മുതൽ പന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ സെക്ഷൻ 74A (6) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും വേണം. ഈ സമയപരിധിയ്ക്കുള്ളിൽ പ്രോപ്പർ ഓഫീസർക്ക് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്ത പക്ഷം കമ്മീഷണർക്കോ കമ്മീഷണർ അധികാരപ്പെടുത്തുന്ന, ജോയിന്റ് കമ്മീഷണറെക്കാൾ താഴെയല്ലാത്ത റാങ്കിലുള്ള മറ്റൊരു ഓഫീസർക്കോ, ഉത്തരവ് പുറപ്പെടുവിക്കാനുള്ള സമയം ആറു മാസങ്ങളേക്കാൾ കൂടുതലല്ലാത്ത തുടർന്നൊരു കാലയളവിലേക്കു കൂടി നീട്ടി നൽകാവുന്നതാണ് എന്നും സെക്ഷൻ 74A(7) പറയുന്നു.

**(v) ഒരു നികുതിക്കാലയളവിനെ സംബന്ധിക്കുന്ന നോട്ടീസും മറ്റ് നികുതിക്കാലയളവുകളെ സംബന്ധിക്കുന്ന പ്രസ്താവനയും:**

സെക്ഷൻ 74A പ്രകാരം ഒരു വ്യക്തിയ്ക്ക് നോട്ടീസ് നൽകപ്പെട്ടാൽ, ആ വ്യക്തി അതേ കാരണങ്ങളുടെ പേരിൽ മറ്റേതെങ്കിലും നികുതിക്കാലയളവിൽ നികുതി കുറവായി അടയ്ക്കുകയോ ഇൻപുട്ട് ടാക്സ് തെറ്റായി എടുക്കുകയോ റീഫണ്ട് തെറ്റായി കൈപ്പറ്റുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെ ചെയ്തിട്ടുള്ള എല്ലാ സാമ്പത്തികവർഷങ്ങളെ സംബന്ധിച്ചും, പ്രോപ്പർ ഓഫീസർക്ക് പ്രസ്താവന അയക്കാവുന്നതാണ് എന്നും ആ പ്രസ്താവന നൽകൽ നോട്ടീസ് നൽകലായി കണക്കാക്കപ്പെടുന്നതാണ് എന്നും സെക്ഷൻ 74A(3) പറയുന്നു. പഴയ കാലഘട്ടങ്ങളിലെ സെക്ഷൻ 73(4), 73(5), 74(4), 74(5) എന്നീ ഉപവകുപ്പുകളിലെ പല വ്യവസ്ഥകൾക്കും സമാനമാണ് സെക്ഷൻ 74A(3).

സെക്ഷൻ 74A(1)നു കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന നോട്ടീസിൽ പ്രതിപാദ്യവിഷയമായ നികുതിക്കാലയളവിലേക്ക് അടിസ്ഥാനമാക്കിയ കാരണങ്ങളും, സെക്ഷൻ 74A(3)നു കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന പ്രസ്താവനയിൽ പ്രതിപാദ്യവിഷയമായ മറ്റ് നികുതിക്കാലയളവുകളിലേക്ക് അടിസ്ഥാനമാക്കിയ കാരണങ്ങളും, ഒന്നുതന്നെയാണ് എങ്കിൽ മാത്രമേ സെക്ഷൻ 74A(3)നു കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന പ്രസ്താവനകൾ നോട്ടീസ് ആയി കണക്കാക്കപ്പെടുകയുള്ളൂ എന്ന് സെക്ഷൻ 74A(4) പറയുന്നു.

സെക്ഷൻ 74A(3), 74A(4) എന്നിവയിൽ പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ സെക്ഷൻ 73(3)ലും 73(4)ലും പറഞ്ഞിരുന്നു. സെക്ഷൻ 74A(3)ൽ പറഞ്ഞിരിക്കുന്ന അതേ കാര്യങ്ങൾ സെക്ഷൻ 74(3)ലും പറഞ്ഞിരുന്നു.

പക്ഷേ സെക്ഷൻ 74(4)ൽ പറഞ്ഞിരുന്ന ഒരു കാര്യത്തിന് വ്യത്യസ്തമായി, സെക്ഷൻ 74A(4)ൽ ഒരു കാര്യം പ്രതിപാദിക്കുന്നുണ്ട്: സെക്ഷൻ 74(5)ൽ പറഞ്ഞിരുന്നത്, സെക്ഷൻ 74(1)നു കീഴിൽ നോട്ടീസിൽ പ്രതിപാദ്യ വിഷയമായ നികുതിക്കാലയളവിലേക്ക് അടിസ്ഥാന മാക്കിയ കാരണങ്ങളും, സെക്ഷൻ 74(3)നു കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന പ്രസ്താവനയിൽ പ്രതിപാദിക്കുന്ന നികുതിക്കാലയളവുകളിലേക്ക് അടിസ്ഥാനമാക്കിയ കാരണങ്ങളിൽ തട്ടിപ്പ്, നികുതി വെട്ടിക്കാനായുള്ള മനഃപൂർവ്വമായ തെറ്റായ പ്രസ്താവന, വസ്തുതകൾ മറച്ചുവയ്ക്കൽ, എന്നിവ ഒഴികെയുള്ള കാരണങ്ങളും, ഒന്നുതന്നെയാണെങ്കിൽ, സെക്ഷൻ 74(4)യ്ക്ക് കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന പ്രസ്താവനയെ നോട്ടീസ് ആയി കണക്കാക്കുന്നതാണ് എന്നാണ്. പക്ഷേ സെക്ഷൻ 74A(4) പ്രകാരം, നോട്ടീസിലെ നികുതിക്കാലയള വിലേക്ക് അടിസ്ഥാനമാക്കിയ കാരണങ്ങളും, പ്രസ്താവനയിലെ നികുതിക്കാലയളവുകളിലേക്ക് അടിസ്ഥാനമാക്കിയ കാരണങ്ങളും ഒന്നുതന്നെയാണെങ്കിൽ മാത്രമേ സെക്ഷൻ 74A(4)യ്ക്ക് കീഴിൽ പുറപ്പെടുവിക്കപ്പെടുന്ന പ്രസ്താവനയെ നോട്ടീസ് ആയി കണക്കാക്കുകയുള്ളൂ. അതായത്, 74A(1)ന് കീഴിലെ നോട്ടീസിൽ തട്ടിപ്പ് ആരോപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, 74A(3)ന് കീഴിലെ പ്രസ്താവനയിലും തട്ടിപ്പ് ആരോപിക്കപ്പെട്ടിട്ടുണ്ടായിരിക്കണം. എന്നാൽ മാത്രമേ 74A(3)ന് കീഴിലെ പ്രസ്താവനയെ നോട്ടീസായി കണക്കാക്കുകയുള്ളൂ.

### (vi) നോട്ടീസ് ലഭിച്ച വ്യക്തിയ്ക്ക് സ്വന്തം ഭാഗം ബോധിപ്പിക്കാനുള്ള അവകാശം:

പ്രോപ്പർ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് നോട്ടീസ് ലഭിച്ച വ്യക്തിയ്ക്ക് സ്വന്തം ഭാഗം ബോധിപ്പിക്കാനുള്ള സെക്ഷൻ 73(9)ലും, 74(9) ലും പറയുന്ന അവകാശം, സെക്ഷൻ 74A(6)ലും പ്രതിപാദിക്കുന്നു.

### (vii).നോട്ടീസോ പ്രസ്താവനയോ വരും മുമ്പ് പണമടച്ച് നടപടിയൊഴിവാക്കാനുള്ള മാർഗ്ഗം:

സെക്ഷൻ 73(5)ൽ പറയുന്ന കാര്യം, ചില മാറ്റങ്ങളോടെ സെക്ഷൻ 74A(8)(i)ൽ പറയുന്നു. നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെടുന്നതിനു മുമ്പ്, സ്വയം കണക്കുകൂട്ടിയതിന്റെ അടിസ്ഥാനത്തിലോ പ്രോപ്പർ ഓഫീസർ കണക്കുകൂട്ടിയതിന്റെ അടിസ്ഥാനത്തിലോ വരുന്ന നികുതിത്തുകയും അതിനുമേലുള്ള പലിശയും അടയ്ക്കുകയും അക്കാര്യം പ്രോപ്പർ ഓഫീസറെ എഴുതി അറിയിക്കുകയും ചെയ്യുന്ന പക്ഷം പ്രോപ്പർ ഓഫീസർ നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്നാണ് ഈ രണ്ട് ഉപവകുപ്പുകളിലും പറയുന്നത്.

സെക്ഷൻ 74(5)ൽ പറയുന്ന കാര്യം, ചില മാറ്റങ്ങളോടെ സെക്ഷൻ 74A(9)(i)ൽ പറയുന്നു. നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെടുന്നതിനു മുമ്പ്, സ്വയം കണക്കുകൂട്ടിയതിന്റെ അടിസ്ഥാനത്തിലോ പ്രോപ്പർ ഓഫീസർ കണക്കുകൂട്ടിയതിന്റെ അടിസ്ഥാനത്തിലോ വരുന്ന നികുതിത്തുകയും അതിനുമേലുള്ള പലിശയും നികുതിത്തുകയുടെ 15%ന് തത്തുല്യമായ പെനാൽറ്റിയും അടയ്ക്കുകയും അക്കാര്യം പ്രോപ്പർ ഓഫീസറെ എഴുതി അറിയിക്കുകയും ചെയ്യുന്ന പക്ഷം പ്രോപ്പർ ഓഫീസർ നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്നാണ് ഈ രണ്ട് ഉപവകുപ്പുകളിലും പറയുന്നത്.

### (viii) നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെട്ടതിനു ശേഷം പണമടച്ച് നടപടികൾ അവസാനിപ്പിക്കാനുള്ള മാർഗ്ഗം:

സെക്ഷൻ 73(8)ൽ പറയുന്ന കാര്യം, ചില മാറ്റങ്ങളോടെ സെക്ഷൻ 74A(8)(ii)ൽ പറയുന്നു. നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെട്ട് മുപ്പതു ദിവസത്തിനുള്ളിൽ ആ നികുതിത്തുകയും അതിനു മേലുള്ള പലിശയും അടയ്ക്കുന്ന പക്ഷം, ആ നോട്ടീസ്/പ്രസ്താവനയെ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പരിസമാപ്തിയിൽ എത്തിയതായി കണക്കാക്കപ്പെടേണ്ടതാണ് എന്ന് സെക്ഷൻ 73(8)ൽ പറയുന്നു. സെക്ഷൻ 74A(8)(ii) പ്രകാരം ഇത് അറുപത് ദിവസം ആക്കപ്പെട്ടിരിക്കുന്നു.

സെക്ഷൻ 74(8)ൽ പറയുന്ന കാര്യം, ചില മാറ്റങ്ങളോടെ സെക്ഷൻ 74A(9)(ii)ൽ പറയുന്നു. നോട്ടീസോ പ്രസ്താവനയോ പുറപ്പെടുവിക്കപ്പെട്ട് മുപ്പതു ദിവസത്തിനുള്ളിൽ ആ നികുതിത്തുകയും അതിനുമേലുള്ള പലിശയും നികുതിയുടെ 25%ന് തത്തുല്യമായ പെനാൽറ്റിയും അടയ്ക്കുന്ന പക്ഷം, ആ നോട്ടീസ്/പ്രസ്താവനയെ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പരിസമാപ്തിയിൽ എത്തിയതായി കണക്കാക്കപ്പെടേണ്ടതാണ് എന്ന് സെക്ഷൻ 74(8)ൽ പറയുന്നു. സെക്ഷൻ 74A(9)(ii) പ്രകാരം ഇത് അറുപത് ദിവസം ആക്കപ്പെട്ടിരിക്കുന്നു.

### (ix) ഉത്തരവ് അറിയിച്ചുകിട്ടിയതിനു ശേഷം നടപടിക്രമങ്ങൾ അവസാനിപ്പിക്കാനുള്ള മാർഗ്ഗം:

സെക്ഷൻ 74(11)ൽ പറയുന്ന കാര്യം ചില മാറ്റങ്ങളോടെ സെക്ഷൻ 74A(9)(iii)ൽ പറയുന്നു. സെക്ഷൻ 74(9)നു കീഴിൽ ഉത്തരവ് ലഭിച്ച വ്യക്തികൾക്ക്, ആ ഉത്തരവ് അറിയിപ്പുകിട്ടി മുപ്പതു ദിവസത്തിനുള്ളിൽ നികുതിയും അതിനുമേലുള്ള പലിശയും നികുതിയുടെ 50%ന് തത്തുല്യമായ പെനാൽറ്റിയും അടയ്ക്കുന്ന പക്ഷം ആ നോട്ടീസിനെ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പരിസമാപ്തിയിൽ എത്തിയതായി കണക്കാക്കപ്പെടേണ്ടതാണ് എന്ന് സെക്ഷൻ 74(11) പറയുന്നു. സെക്ഷൻ 74(9)(iii) പ്രകാരം ഇത് അറുപത് ദിവസം ആക്കപ്പെട്ടിരിക്കുന്നു.

### (x).നോട്ടീസ് ലഭിക്കുന്നതിന് മുമ്പ് നികുതിദായകൻ അടച്ച തുക കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ:

സെക്ഷൻ 73(7)ലും 74 (7)ലും പറഞ്ഞിരിക്കുന്ന കാര്യം, സെക്ഷൻ നമ്പറിലെ മാറ്റങ്ങളോടെ, സെക്ഷൻ 74A(10)ൽ പറഞ്ഞിരിക്കുന്നു. നോട്ടീസ് ലഭിക്കുന്നതിനു മുമ്പ് അടയ്ക്കപ്പെട്ട തുക, യഥാർത്ഥത്തിൽ അടയ്ക്കേണ്ട തുകയെക്കാൾ കുറവാണ് എന്ന് പ്രോപ്പർ ഓഫീസർക്ക് അഭിപ്രായമുണ്ടാകുന്ന പക്ഷം, പ്രോപ്പർ ഓഫീസർ ആ കുറഞ്ഞുപോയ തുകയെ സംബന്ധിച്ച് സബ്സെക്ഷൻ (1) പ്രകാരം നോട്ടീസ് അയക്കേണ്ടതാണ് എന്നാണ് ഈ സബ്സെക്ഷനിൽ പറയുന്നത്.

**ഈ ലേഖനത്തിന്റെ തുടർച്ച അടുത്ത ലക്കത്തിൽ.■**

അസോസിയേഷന്റെ ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ആണ് ലേഖകൻ
✆ 98462 27555, 79024 43188, 79070 00401

# കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസ്സോസിയേഷൻ
# സംസ്ഥാന ഭാരവാഹികൾ 2024-2026

## State President | General Secretary | State Treasurer



**A. Nizarudeen**
State President



**Joseph Paikada**
General Secretary



**B. Jayakrishnan**
State Treasurer

## Vice Presidents



**A. Fasiludeen**
Vice President (S.Z.)



**P.J. Jose**
Vice President (C.Z.)



**A.V.Sunilnath**
Vice President (N.Z.)

## Joint Secretaries



**M.S. Anaz**
Joint Secretary (S.Z.)



**M.M. Mujeeb Rahiman**
Joint Secretary (C.Z.)



**K.V. Anvar**
Joint Secretary (N.Z.)




# അഭിമാനം ആവോളം; നമ്മുടെ കേരളം തിളങ്ങുന്നു

## കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ വ്യവസായ സൗഹൃദാന്തരീക്ഷ ദേശീയ റാങ്കിങ് പട്ടികയിൽ **കേരളത്തിന് ഒന്നാംസ്ഥാനം**






സൂരജ് എസ്.


**കേ**രളം എന്തുകൊണ്ട് വ്യവസായ വാണിജ്യ പുരോഗതിയിലും നിക്ഷേപത്തിലും പിന്നാക്കമായി എന്നതു വർഷങ്ങളായി നാം കേട്ടുപോരുന്ന ചോദ്യമാണ്. വ്യവസായ സൗഹൃദ സംസ്ഥാനമല്ല എന്ന മുറവിളി ഒരുവശത്ത്. കാലം മാറി, ഈ സാഹചര്യത്തിനു മാറ്റം വന്നിരിക്കുന്നു എന്നു തെളിയിക്കുന്ന തരത്തിലാണ് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ വ്യവസായ സൗഹൃദപ്പട്ടം കേരളത്തിന് അഭിമാനമായി നമ്മെ തേടിയെത്തിയിരിക്കുന്നത്.

കേരള സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ തൊപ്പിയിലെ പൊൻതൂവലാണ് കേരളം നേടിയ ഈ ചരിത്രനേട്ടം എന്നു നിസ്സംശയം പറയാം. സംസ്ഥാനത്തിന്റെ വ്യവസായമേഖലയിലെ മാറ്റങ്ങളും മുന്നേറ്റങ്ങളും സംരംഭകർക്ക് അനുഭവവേദ്യമായി എന്നതിന്റെ തെളിവായാണ് ഈ അംഗീകാരത്തെ കാണേണ്ടത്.

വ്യവസായ പരിഷ്കാര കർമപദ്ധതി പ്രകാരം ഓരോ സംസ്ഥാനവും സ്വീകരിക്കുന്ന നടപടികൾ പരിഗണിച്ചാണ് 'ഈസ് ഓഫ് ഡൂയിങ്' ബിസിനസ് പട്ടിക തയാറാക്കുന്നത്. 2022ലെ പ്രകടനം പരിഗണിച്ചുള്ള കേന്ദ്ര പട്ടികയിൽ 'ടോപ് അച്ചീവേഴ്സ്' (95 ശതമാനത്തിനു മുകളിൽ) വിഭാഗത്തിലാണ് കേരളം മുന്നിലെത്തിയത്. വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനു സ്വീകരിച്ച പരിഷ്കാരങ്ങളും നടപടികളുമാണ് റാങ്കിങ്ങിനുള്ള മാനദണ്ഡം. 2020ൽ 28-ാം സ്ഥാനത്തും 2021ൽ 15-ാം സ്ഥാനത്തുമായിരുന്ന കേരളം നൂതന പരിഷ്കാരങ്ങളിലൂടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ ഏകോപിപ്പിച്ചും വ്യവസായികൾക്കും പൗര

ന്മാർക്കും കാര്യക്ഷമമായ സേവനങ്ങൾ ഒരുക്കിയും ഒന്നാം സ്ഥാനത്തേക്കെത്തുമ്പോൾ കേരള വ്യവസായ വാണിജ്യ വകുപ്പിനു തീർച്ചയായും അഭിമാനിക്കാം.

വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികളും പരിഷ്കാരങ്ങളും അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിൽ 9 വിഭാഗങ്ങളിലാണ് കേരളം ഒന്നാമതായി മുന്നിലെത്തിയതെന്നത് ശ്രദ്ധേയമാണ്. 95% ലേറെ മാർക്ക് കരസ്ഥമാക്കിയ ടോപ്പ് പെർഫോർമർ പട്ടികയിൽ ഉൾപ്പെട്ട സംസ്ഥാനങ്ങളിലും കേരളമാണ് ഏറ്റവും മുന്നിൽ. 2024 സെപ്റ്റംബർ 5ന് ന്യൂഡൽഹിയിൽ കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സംസ്ഥാന വ്യവസായ മന്ത്രിമാരുടെ സമ്മേളനത്തിൽ ബഹു. കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി പിയൂഷ് ഗോയലാണ് കേരളത്തിന്റെ ഈ പുതുചരിത്ര നേട്ടം പ്രഖ്യാപിച്ചത്. ബഹു. കേരള നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവിന് ബഹു. കേന്ദ്രമന്ത്രി പുരസ്കാരം സമ്മാനിക്കുകയും ചെയ്തു. വ്യവസായ വകുപ്പ് പ്രിൻസിപ്പൾ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., കെ എസ് ഐ ഡി സി മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്. എന്നിവർ സന്നിഹിതരയിരുന്നു.



കഴിഞ്ഞ തവണ നടത്തിയ വ്യവസായ സൗഹൃദ റാങ്കിംഗിൽ 28 ൽ നിന്ന് കേരളം 15 ആം സ്ഥാനത്തേക്ക് വലിയ മുന്നേറ്റം നടത്തിയിരുന്നു. ആ സ്ഥാനത്തു നിന്നാണ് ഇപ്പോൾ ഒന്നാം നിരയിലേക്ക് എത്തുന്നത്. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ, ചീഫ് സെക്രട്ടറി എന്നിവർ കൂടി പങ്കെടുത്ത് നടത്തിയ അവലോകനങ്ങൾ പുതിയ നേട്ടം കൈവരിക്കാൻ സഹായകമായതായി ബഹു. വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. വിവിധ വകുപ്പുകൾ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ, സംരംഭക സംഘടനകൾ എന്നിവർ ചേർന്നു നടത്തിയ കൂട്ടായ ശ്രമത്തിന്റെ ഫലമാണ് ഇതെന്നും കേരളത്തിന്റെ നേട്ടം സംരംഭക ലോകത്തിനും ഓരോ മലയാളിക്കും അഭിമാനിക്കാൻ വകയുള്ളതാണെന്നും ബഹു. മന്ത്രി പറഞ്ഞു.

വിവിധ വകുപ്പുകൾ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ, സംരംഭക സംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവർ ചേർന്നു നടത്തിയ കൂട്ടായ ശ്രമത്തിലൂടെയാണ് നാം ഈ നേട്ടം നേടിയെടുത്തത്. വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കി കൊണ്ട് അവയെക്കുറിച്ചു നിക്ഷേപകരെയും സംരംഭകരേയും ബോധവൽക്കരിച്ചു. പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിനോടൊപ്പം മാറ്റങ്ങൾക്ക് തയ്യാറാവുകയും വിദഗ്ധ ഏജൻസികളുടെ സഹായവും സ്വീകരിച്ചു. വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ കൈക്കൊണ്ടു. വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിടനിർമാണത്തിനുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാകുന്നത്, വസ്തു രജിസ്റ്റർ ചെയ്യുന്ന നടപടികൾ ലളിതമാക്കൽ, വ്യവസായ സ്ഥാപനങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവയെല്ലാം ഉറപ്പാക്കി. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതു പ്രോത്സാഹിപ്പിക്കാൻ സർക്കാർ ഏർപ്പെടുത്തിയ ഇളവുകളും നയം മാറ്റങ്ങളും നടപടിക്രമങ്ങൾ ലളിതമാക്കിയതുമെല്ലാം വ്യവസായ സൗഹൃദാന്തരീക്ഷ പട്ടികയിൽ നേട്ടത്തിനു കാരണമായി.

വ്യവസായ സൗഹൃദ നിലയിൽ ചരിത്രത്തിലാദ്യമായാണ് കേരളം ഒന്നാമതെത്തുന്നത്. ആന്ധ്രാപ്രദേശ് രണ്ടാമതും ഗുജറാത്ത് മൂന്നാമതുമാണ്. ആന്ധ്രാപ്രദേശിന് 5 ഉം ഗുജറാത്തിന് 3 ഉം മേഖലകളിൽ മികവ് തെളിയിക്കാനാണ് കഴിഞ്ഞത്. ഒട്ടാകെ 30 മേഖലകളിൽ നടത്തിയ വിലയിരുത്തലിൽ 9 മേഖലകളിലും കേരളം ഒന്നാം സ്ഥാനം നേടി 'ടോപ്പ് പെർഫോർമർ 'ആയി എന്നതാണ് ശ്രദ്ധേയം. ഈ മേഖലകളിൽ രണ്ടെണ്ണം ബിസിനസ് കേന്ദ്രിതമെന്നും ഏഴെണ്ണം പൗരകേന്ദ്രിതമെന്നും വിശേഷിപ്പിക്കപ്പെട്ടവയാണ്. നികുതി അടയ്ക്കലിലെ പരിഷ്കാരങ്ങൾ, യൂട്ടിലിറ്റി പെർമിറ്റുകൾ അനുവദിക്കൽ എന്നിവയാണ് ബിസിനസ് കേന്ദ്രിതം. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത എന്നിവയടക്കമുള്ളതാണ് പൗരകേന്ദ്രിത മേഖലകൾ.

നൂതന പരിഷ്കാരങ്ങളിലൂടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ ഏകോപിപ്പിച്ചും വ്യവസായികൾക്കും പൗരന്മാർക്കും കാര്യക്ഷമമായ സേവനങ്ങൾ ഒരുക്കിയും മുൻകാലങ്ങളിൽ അനുവർത്തിച്ചു പോന്നത് പോലെ ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും തനതായ മാതൃക പടുത്തുയർത്തിയ കേരളം വ്യവസായ രംഗത്തും വിസ്മയകരമായ കുതിപ്പിലൂടെയാണ് ഒന്നാം സ്ഥാനത്തേക്കെത്തിയത്. അതു നമുക്കെല്ലാം അഭിമാനം പകരുന്ന വലിയ നേട്ടമാകുകയും വികസന സ്വപ്നങ്ങളിലേക്കു മുന്നേറുന്ന നമ്മുടെ സംസ്ഥാനത്തിനു പ്രതീക്ഷയുടെയും ആത്മവിശ്വാസത്തിന്റെയും പുതുവിളംബരവുമാകുകയും ചെയ്യുന്നു. അഭിമാനത്തോടെ നമ്മുക്ക് പറയാം, സംരംഭകമേഖലയിലും നമ്മുടെ കൊച്ചു കേരളം തിളങ്ങുകയാണ്.

മികവിന്റെ പട്ടികയിൽ ഇനിയെന്നും ഒന്നാം സ്ഥാനത്താവണം കേരളം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്കാണ് ഇനി ചുക്കാൻ പിടിക്കേണ്ടത്. അതിനായി വ്യവസായ സൗഹൃദ സംസ്ഥാനം എന്നത് പോലെ തന്നെ നിക്ഷേപ സൗഹൃദ സംസ്ഥാനമാണ് കേരളം എന്നതും നമ്മുക് ഊട്ടി ഉറപ്പിക്കാൻ കഴിയണം. വ്യവസായങ്ങളും നിക്ഷേപവും സംരംഭകത്വവുമെല്ലാം നാടിന്റെ പുരോഗതിയിയുടെ അളവുകോലാകയാൽ ഈ ഒന്നാംസ്ഥാനം ആ വലിയ മുന്നേറ്റത്തിനുള്ള നവോർജം പകരട്ടെ. ■

**കെ-ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

# ജീവശാസ്ത്ര മേഖലയിൽ മികവിന്റെ സ്പർശം

# ആരോഗ്യരംഗത്തെ മുന്നേറ്റങ്ങൾക്ക് വേദിയൊരുക്കി 'ബയോ കണക്ട് 2.0'



എസ്. ഹരി കിഷോർ ഐ.എ.എസ്.



**കേ**രളം ആരോഗ്യരംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റം കൈവരിച്ച സംസ്ഥാനമാണ്. ജനങ്ങളുടെ ആരോഗ്യം, പൊതുസുരക്ഷാ സംവിധാനങ്ങൾ, മികച്ച ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി സംസ്ഥാനത്തിന്റെ ആരോഗ്യരംഗം രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. ഇപ്പോൾ ജീവശാസ്ത്ര (life sciences) മേഖലയിലും കേരളം ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തുകയാണ്. സെപ്റ്റംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര 'ബയോ കണക്ട് 2.0' കോൺക്ലേവ്, കേരളത്തിന്റെ ആരോഗ്യരംഗത്തേയും ബയോമെഡിക്കൽ മേഖലയേയും വളർച്ചയുടെ പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതിനുള്ള വേദിയായി.

കേരള ലൈഫ് സയൻസ് പാർക്ക്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ നേതൃത്വത്തിലാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ ബയോമെഡിക്കൽ, ഫാർമസ്യൂട്ടിക്കൽ, വാക്സിൻ ഉൽപാദന രംഗങ്ങളിലെ സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്തുക, സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്തെ വളർച്ചക്കായി പുതിയ നൂതന ആശയങ്ങൾ കണ്ടെത്തുക എന്നിവയായിരുന്നു കോൺക്ലേവിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഫാർമസ്യൂട്ടിക്കൽസ്, ബയോടെക്നോളജി, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ ശാസ്ത്രസാങ്കേതിക വിദ്യകളെ ബന്ധിപ്പിക്കുന്നതാണ് ജീവശാസ്ത്ര മേഖല. രാജ്യതലത്തിലും അന്താരാഷ്ട്ര തലത്തിലും ഒട്ടനവധി കമ്പനികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവ ആരോഗ്യസംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്ന മരുന്നുകൾ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, സാങ്കേതിക ഉപകരണങ്ങൾ എന്നിവയുടെ ഗവേഷണ, വികസന, നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവയാണ്. ആഗോള ഫാർമസ്യൂട്ടിക്കൽ വിപണി സമീപ വർഷങ്ങളിൽ ഗണ്യമായ വളർച്ച കൈവരിച്ചു. 2023ൽ, മൊത്തം ആഗോള ഫാർമസ്യൂട്ടിക്കൽ വിപണി ഏകദേശം 1.6 ട്രില്യൺ യു എസ് ഡോളറായി കണക്കാക്കപ്പെടുന്നു. 2022-നെ അപേക്ഷിച്ച് 100 ബില്യൺ ഡോളറിന്റെ വർധനവാണിത്. ഈ പശ്ചാത്തലത്തിൽ ആരോഗ്യ രംഗത്തെ ശാസ്ത്രസാങ്കേതിക വിദ്യകളിലുള്ള സംസ്ഥാനത്തിന്റെ മേൽക്കൈയും മാനവ വിഭവശേഷിയും ജീവിതശാസ്ത്ര രംഗത്ത് വലിയ സാധ്യതകളാണ് തുറന്നിടുന്നത്.


കോൺക്ലേവിൽ ലൈഫ് സയൻസ് മേഖലയിലെ സ്വദേശത്തും വിദേശത്തും പ്രവർത്തിക്കുന്ന പ്രമുഖർ പങ്കെടുത്തു. തുറന്ന ചർച്ചകളും അക്കാദമിക് അവതരണങ്ങളും നടന്ന പരിപാടിയിൽ ആരോഗ്യരംഗത്തെ പുതിയ കണ്ടെത്തലുകളും നൂതന സാങ്കേതിക മുന്നേറ്റങ്ങളും ചർച്ചയായി. കേരളത്തിലെ ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും അതിനായി നാം സ്വീകരിക്കേണ്ട പുതിയ സാങ്കേതിക വിദ്യകൾ, പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും സംവാദങ്ങൾ നടന്നു. കൂടാതെ മികച്ച രീതിയിലുള്ള ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ, ലൈഫ് സയൻസ് മേഖലയിലെ അടിസ്ഥാന വികസനം, വാക്സിനുകളുടെ കണ്ടെത്തലും വികാസവും, ഭക്ഷ്യ സുരക്ഷ പോഷകാഹാര ലഭ്യത എന്നിവയും സംവാദങ്ങൾക്ക് വിഷയമായി. കേരളം ബയോമെഡിക്കൽ ഉപകരണ നിർമാണത്തിന്റെ ഹബ്ബായി മാറുമെന്നും ലോകോത്തര നിലവാരത്തിലുള്ള ഗവേഷണ സ്ഥാപനങ്ങൾ ഇതിന് കരുത്ത് പകരുമെന്നും വിദഗ്ധരും വ്യവസായ പ്രമുഖരും വിവിധ സെഷനുകളിൽ അഭിപ്രായപ്പെട്ടു.

ഭാരത് ബയോടെക്ക് സി.ഇ.ഒ. യും പദ്മഭൂഷൺ ജേതാവുമായ ഡോ. കൃഷ്ണ എല്ല കേരളത്തിലെ ഈസ് ഓഫ്



**bio connect KERALA 2024**

**International Life Science Conclave**
27-28 September, 2024
Hyatt Regency, Thiruvananthapuram



ഡൂയിങ്ങ് ബിസിനസ് സാഹചര്യത്തെക്കുറിച്ച് തന്റെ അനുഭവങ്ങൾ പങ്കുവെച്ചു. 'കേരളത്തിൽ ഒരു യൂണിറ്റ് ആരംഭിക്കാൻ ആലോചിച്ചപ്പോൾ പലരും അതിൽ നിന്ന് തന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ യൂണിറ്റ് ആരംഭിക്കുന്നതിനായി ലൈസൻസിന് അപേക്ഷ നൽകിയതു മുതൽ തനിക്കുണ്ടായ അനുഭവം, കേരളം ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ ഒന്നാമതായി എന്ന് മനസിലാക്കിത്തരുന്നു എന്ന് ശ്രീ. കൃഷ്ണ എല്ല വ്യക്ത മാക്കി. ലോകത്തിൽ തന്നെ ഫാർമസ്യൂട്ടിക്കൽ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കമ്പനികളിലൊന്നായ ഭാരത് ബയോടെക് ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ കോവിഡ് വാക്സിനായ 'കോവാക്സിന്റെ' നിർമ്മാതാവുകൂടിയാണ്.ആഗോള നിക്ഷേപകരും, അന്തർ ദേശീയ ബയോമെഡിക്കൽ കമ്പനികളും കോൺക്ലേവിൽ തങ്ങളുടെ സജീവ സാന്നിധ്യം അറിയിച്ചു. അഗപ്പെ ഡയഗ്നോസ്റ്റിക്, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധയാകർഷിച്ച കോൺക്ലേവ്, കേരളം ബയോമെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു മുൻനിര കേന്ദ്രമായി മാറുന്ന സൂചനകളും നൽകി.

വിവിധ കമ്പനികളും സ്ഥാപനങ്ങളും ഒരുക്കിയ പ്രദർനങ്ങൾക്കൊണ്ടും കോൺക്ലേവ് ശ്രദ്ധേയമായി. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, നാഷണൽ റിസർച്ച് ഡെവലപ്മെന്റ് കോർപറേഷൻ, മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി, വിൻവിഷ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഹെക്ക മെഡിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളും പ്രദർശനത്തിൽ പങ്കാളികളായി.

നിലവിൽ ഇന്ത്യയിലെ മെഡിക്കൽ ഉപകരണങ്ങളിൽ 70 ശതമാനവും ഇറക്കുമതി ചെയ്യുന്നവയാണ്. ശേഷിക്കുന്ന 30 ശതമാനത്തിൽ 20 ശതമാനവും കേരളത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത്. 2027-ഓടെ 300 കമ്പനികളും 16,600 കോടി രൂപ വരുമാനവും 2032-ഓടെ 3,500 സ്റ്റാർട്ടപ്പുകളും 34,750 കോടി രൂപ വരുമാനവുമാണ് സംസ്ഥാനം ലക്ഷ്യം വെക്കുന്നത്. ഇതിനായി സർക്കാരിന്റെ നടപടികൾ ഊർജിതമായി നടക്കുകയാണ്.

ആരോഗ്യ പരിരക്ഷ, എല്ലാവർക്കും എളുപ്പത്തിലും താങ്ങാവുന്ന വിലയിലും ലഭ്യമാകുന്ന മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ സാധ്യമാക്കുക എന്നിവയാണ് സംസ്ഥാനത്തിന്റെ മുന്നിലുള്ള ദൗത്യം. പകർച്ചവ്യാധി ജീവിതശൈലി രോഗങ്ങൾ തടയൽ, ദുരന്ത നിവാരണ മാനേജ്മെന്റ്, മലിനീകരണമുക്ത അന്തരീക്ഷം എന്നിവ സംസ്ഥാന സർക്കാരിന്റെ എക്കാലത്തെയും ലക്ഷ്യമാണ്. ഇതിനായി നിലവാരവും ഗുണമേന്മയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വലിയ നിക്ഷേപങ്ങൾ ആരോഗ്യ രംഗത്ത് നടത്തേണ്ടതുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ ഇത്തരം നേട്ടങ്ങൾ കേരളത്തിന് കൈവരിക്കാനാകും. ജീവശാസ്ത്ര രംഗത്തെ ആധുനിക സാങ്കേതിക മുന്നേറ്റങ്ങളും സാധ്യതകളും കൈവരിക്കുകയാണ് ഇതിനായി നമുക്ക് ചെയ്യാനാകുക. അന്താരാഷ്ട്ര 'ബയോകണക്ട് 2.0' കോൺക്ലേവ് കേരളത്തിന്റെ ആരോഗ്യ സംരക്ഷണ രംഗത്തെ നവീകരണങ്ങൾക്കും ജീവശാസ്ത്ര സംരംഭങ്ങൾക്കും കൂടുതൽ കരുത്തു നൽകും.

**വ്യവസായ വാണിജ്യ വകുപ്പ്**
**ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.**
**എം.ഡി. ആണ് ലേഖകൻ**




# ഉദ്യം രജിസ്ട്രേഷൻ: അറിയേണ്ടത് എല്ലാം





ടി.എസ്. ചന്ദ്രൻ

ഉദ്യം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങളാണ് സംരംഭകർക്കുള്ളത്. എസ്.എസ്.ഐ. രജിസ്ട്രേഷൻ സംരംഭകർക്ക് സുപരിചിതമാണ്. അത് പരിഷ്കരിച്ച് എം.എസ്.എം.ഇ. മെമ്മോറാണ്ടം, ഉദ്യോഗ് ആധാർ എന്നീ രജിസ്ട്രേഷനുകൾ എസ്.എസ്.ഐ. യുടെ സ്ഥാനത്ത് നൽകി വന്നു. നിലവിലുള്ള ചെറുകിട വ്യവസായങ്ങളുടെ രജിസ്ട്രേഷൻ ഉദ്യം രജിസ്ട്രേഷൻ ആണ്. അതിന്റെ സവിശേഷതകൾ ഇവയാണ്.

- 2020 ജൂലൈ ഒന്നുമുതലാണ് ഉദ്യം രജിസ്ട്രേഷൻ നിലവിൽ വന്നത്.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നവർ കേന്ദ്രസംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കണമെന്നുണ്ടെങ്കിൽ നേടിയിരിക്കേണ്ട ഒരു രജിസ്ട്രേഷൻ ആണ് ഇത്.
- ഇത് ഒരു സ്റ്റാറ്റ്യൂട്ടറി രജിസ്ട്രേഷൻ അല്ല. എന്നാൽ ചില ആനുകൂല്യങ്ങളും സംരക്ഷണവും ലഭിക്കുന്നതിന് ഈ രജിസ്ട്രേഷൻ ആവശ്യമാണ്. ഉദാഹരണമായി ബാങ്ക് വായ്പകൾക്ക് പലിശ ആനുകൂല്യങ്ങൾ, മുൻഗണന, ടെണ്ടർ സൗജന്യങ്ങൾ, സബ്സിഡി എന്നിവയ്ക്ക്.

## പുതിയ രജിസ്ട്രേഷൻ എങ്ങനെ എടുക്കാം ?

ഒരു സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യക്തി ഓൺലൈനായി പുതിയ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ഉദ്യം രജിസ്ട്രേഷൻ പോർട്ടറിൽ കയറി സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാം. രേഖകൾ ഒന്നും തന്നെ അപ്പ്ലോഡ് ചെയ്യേണ്ടതില്ല. ആധാറുമായി തന്റെ സംരംഭത്തെ ബന്ധപ്പെടുത്തുന്നു എന്നുള്ളതാണ് ഉദ്യം രജിസ്ട്രേഷന്റെ സവിശേഷത. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ രജിസ്ട്രേഷൻ നമ്പറും തുടർന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭിക്കും. പോർട്ടലിൽ കാണുന്ന രജിസ്ട്രേഷൻ ഫോമിൽ സൗജന്യമായി അപേക്ഷ പൂരിപ്പിച്ച് സമർപ്പിക്കാം.

- ഒരു സംരംഭകൻ ഒന്നിൽ കൂടുതൽ രജിസ്ട്രേഷൻ എടുക്കുവാൻ പാടില്ല.
- ഒന്നിൽ കൂടുതൽ സംരംഭം ഉണ്ടെങ്കിലും ഒറ്റ രജിസ്ട്രേഷനേ അനുവദിക്കൂ. എല്ലാത്തിന്റെയും വിവരങ്ങൾ നിലവിലുള്ള സർട്ടിഫിക്കറ്റിൽ തന്നെ ഉൾപ്പെടുത്തണം.
- നിർമ്മാണവും സേവനവും മറ്റ് അധിക പ്രവർത്തികളും ഉണ്ടെങ്കിലും എല്ലാം ഒരേ രജിസ്ട്രേഷനിൽ തന്നെ ഉൾപ്പെടുത്തണം.
- ഒരു വ്യക്തിക്ക് ഒരു ആധാർ നമ്പറിൽ ഒരേ ഒരു ഉദ്യം രജിസ്ട്രേഷൻ മാത്രമേ അനുവദിക്കൂ.
- വ്യാപാര സ്ഥാപനങ്ങൾക്കും ഇപ്പോൾ ഉദ്യം എടുക്കാം.
- നിലവിൽ ഉദ്യോഗ് ആധാർ, എം.എസ്.എം.ഇ. മെമ്മോറാണ്ടം, എസ്.എസ്.ഐ. രജിസ്ട്രേഷൻ, എന്നിവ ഉള്ളവർ നിർബന്ധമായും ഉദ്യം രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്.

- ❖ പ്രവർത്തനം തുടങ്ങിയതും തുടങ്ങാത്തതുമായ സ്ഥാപനങ്ങൾക്കും ഉദ്യം രജിസ്ട്രേഷൻ എടുക്കാം.
- ❖ സ്ഥാപനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അത് സമയത്ത് തന്നെ രേഖപ്പെടുത്തി രജിസ്ട്രേഷൻ കാലാനുസൃതമായി പുതുക്കുന്നതിനുള്ള സൗകര്യവും ഉണ്ട്.
- ❖ മറ്റ് ഏതൊരു സ്ഥാപനത്തിലെ രജിസ്ട്രേഷൻ ഉണ്ടെങ്കിലും ഉദ്യം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.
- ❖ ഉദ്യം രജിസ്ട്രേഷൻ പുതുതായി എടുക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ട്.

## നിലവിലെ നിർവചനം

**സൂക്ഷ്മ സംരംഭം:** എന്നാൽ പ്ലാന്റിലും മിഷനറിയിലും ഉപകരണങ്ങളിലും ഉള്ള നിക്ഷേപം ഒരുകോടി രൂപ അധികരിക്കാതെയും വാർഷിക വിറ്റു വരവ് അഞ്ചു കോടി അധികരിക്കാതെയും ഉള്ളവ.

**ചെറുകിട സംരംഭം:** എന്നാൽ പ്ലാന്റ് മിഷനറി ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 10 കോടിയിൽ അധികരിക്കാതെ ഇരിക്കുകയും വാർഷിക വിറ്റ് വരവ് 50 കോടിയിൽ അധികരിക്കാതിരിക്കുകയും വേണം.

**ഇടത്തരം സംരംഭം:** എന്നാൽ പ്ലാന്റ് മെഷിനറി, ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 50 കോടിയിൽ അധികരിക്കാതിരിക്കുകയും വിറ്റു വരവ് 250 കോടിയിൽ അധികരിക്കാതിരിക്കുകയും വേണം.

ഇവയ്ക്കു മുകളിൽ വരുന്നവ **വൻകിട സംരംഭങ്ങളാണ്.**

സംയുക്ത മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒരു മാനദണ്ഡത്തിൽ വ്യത്യാസം വന്നാൽ കാറ്റഗറിയും മാറും. എന്നിരുന്നാലും ഒരു സ്ഥാപനത്തിന് ഉയർന്ന കാറ്റഗറിയിൽ മാത്രമേ മാറാൻ കഴിയൂ.

കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് അതിന്റെ മൂല്യം ഒഴിവാക്കി കൊണ്ടുള്ള വിറ്റു വരവ് മാത്രമേ കണക്കാക്കുകയുള്ളൂ എന്ന് നോട്ടിഫിക്കേഷൻ പറയുന്നുണ്ട്. എം.എസ്.എം.ഇ. ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് വേണ്ട ഏകജാലക സംവിധാനമായി പ്രവർത്തിക്കുന്നതാണ്. ചെറുകിട വ്യവസായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് രാജ്യത്താകമാനം ഒരു യൂണിക് നമ്പർ ആണ് ഉദ്യം രജിസ്ട്രേഷൻ വഴി ലഭിക്കുക. സർക്കാർ സാമ്പത്തിക ആനുകൂല്യങ്ങൾക്കെല്ലാം ഇപ്പോൾ ഉദയം രജിസ്ട്രേഷൻ നിർബന്ധമാണ്.

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**

വ്യാവസായിക വാർത്തകൾ

## ജി.എസ്.ടി.യ്ക്ക് മുമ്പുള്ള നികുതി കടിശ്ശികക്കാർക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തണം

2017 ജൂലായ് മാസത്തിനു മുമ്പുള്ള വാറ്റ്, വില്പന നികുതി, സർചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശിക വരുത്തിയവർക്ക് പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം കൂടുതൽ ലളിതവൽക്കരിച്ച് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു കൊണ്ട് ടാക്സ് വിഭാഗം ഉത്തരവിറക്കി. 2024 ഒക്ടോബർ 31 വരെ പുതിയതായി അപേക്ഷിക്കുന്നവർക്ക് 50,000 രൂപയ്ക്കു മുകളിൽ 10 ലക്ഷം രൂപ വരെ കുടിശ്ശികക്കാർക്ക് നികുതി തുകയുടെ 32 ശതമാനം അടച്ചു തീർപ്പാക്കാം. 10 ലക്ഷം രൂപ മുതൽ ഒരു കോടി വരെ നിയമ വ്യവഹാരത്തിനുള്ള അപ്പീൽ സമർപ്പിച്ചവർക്ക് നികുതിയുടെ 42 ശതമാനവും, നിയമ വ്യവഹാരമില്ലാത്ത കുടിശ്ശികക്കാർക്ക് 52 ശതമാനവും, ഒരു കോടി രൂപയിൽ അധികം അപ്പീലിലുള്ളവർക്ക് നികുതി തുകയുടെ 72 ശതമാനവും, അപ്പീൽ ഇല്ലാതെ കുടിശ്ശികക്കാർക്ക് 82 ശതമാനവും അടച്ച് തീർപ്പാക്കാം. നവംബർ ഒന്ന് മുതൽ 30 വരെയുള്ള പുതിയ അപേക്ഷകർക്കും ഷോർട്ട് നോട്ടീസ് ലഭിച്ചവർക്കും 120 മുതൽ 180 വരെ ദിവസത്തിനകം പണം അടച്ചവർക്ക് മേൽപറഞ്ഞ നിരക്കുകളിൽ നിന്നും 2 ശതമാനം വർദ്ധനവുണ്ടാകും. ഡിസംബർ ഒന്നു മുതൽ 31 വരെ അപേക്ഷിക്കുന്നവർക്ക് ഈ വർദ്ധനവ് ബാധകമാണ്. ഈ പദ്ധതിയിൽ ചേരുവാനുള്ള അവസാന തീയതി ഡിസംബർ 31 വരെയാണ്. 50,000 രൂപ വരെയുള്ള നികുതി കുടിശ്ശികയും പലിശയും, പിഴ പലിശയും പൂർണ്ണമായും ഒഴിവാക്കി കൊണ്ടുള്ള ഈ പുതിയ പദ്ധതി. ബന്ധപ്പെട്ട സംരംഭകർ പ്രയോജനപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് അതാത് സ്ഥലത്തെ ജി.എസ്.ടി. വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്.

# കെ.എസ്.എസ്.ഐ.എ. 63–ാമത് ആനുവൽ ജനറൽ ബോഡി യോഗവും സംസ്ഥാന കോൺഫറൻസും

## കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് സംഘടിപ്പിച്ചു




**കേ**രള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ 63-മത് ആനുവൽ ജനറൽ ബോഡി യോഗവും സംസ്ഥാന കോൺഫറൻസും കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് സെപ്റ്റംബർ 30 ന് നടത്തുകയുണ്ടായി. ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തു.

പുതിയ സംസ്ഥാന പ്രസിഡന്റായ എ. നിസാറുദ്ദീനെ കൊല്ലം ജില്ല ഭാരവാഹികളും, മറ്റു ജില്ലാ ഭാരവാഹികളും അഭിനന്ദിച്ചും പൊന്നാട അണിയിച്ചും ആദരിച്ചു. ജനറൽ സെക്രട്ടറി ജോസഫ് പൈകടയെ കണ്ണൂർ ജില്ലാ ഭാരവാഹികളും മറ്റു ജില്ലാ ഭാരവാഹികളും അഭിനന്ദിച്ചും പൊന്നാട അണിയിച്ചും ആദരിച്ചു. സൗത്ത് സോൺ വൈസ് പ്രസിഡന്റ് എ. ഫസലുദ്ദീൻ സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് പി.ജെ.ജോസ്, എ. വി. സുനിൽനാഥ്, നോർത്ത് സോൺ വൈസ് പ്രസിഡന്റ് എന്നിവരെയും യോഗത്തിൽ വച്ച് അഭിനന്ദിച്ചും പൊന്നാട അണിയിച്ചും ആദരിച്ചു. നോർത്ത് സോൺ ജോ. സെക്രട്ടറി കെ.വി.അൻവർ, സെൻട്രൽ സോൺ ജോ. സെക്രട്ടറി എം.എം. അബ്ദു റഹിമാൻ, സൗത്ത് സോൺ ജോ. സെക്രട്ടറി





ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സംസ്ഥാന കോൺഫറൻസ് യോഗം അഭിസംബോധന ചെയ്യുന്നു.




സംസ്ഥാന കോൺഫറൻസ് യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.





കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ആന്റ് അഡിഷണൽ സെക്രട്ടറി പി.ആർ.ഡി. ആന്റ് വ്യവസായ വാണിജ്യ ഡയറക്ടറുമായ എസ്. ഹരി കിഷോർ ഐ.എ.എസ്. നും, ലോക സഞ്ചാരിയുമായ സന്തോഷ് ജോർജ്ജ് കുളങ്ങരയ്ക്കും മെമന്റോ നൽകുന്നു.

എം.എസ്. അനസ് എന്നിവരെയും യോഗത്തിൽ വച്ച് അഭിനന്ദിച്ചും പൊന്നാട അണിയിച്ചും ആദരിച്ചു. സംസ്ഥാന ട്രഷറർ ബി. ജയകൃഷ്ണനെ ജില്ലാ ഭാരവാഹികൾ അഭിനന്ദിച്ചും പൊന്നാട അണിയിച്ചും ആദരിച്ചു.

ബഹു. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, പ്ലാനിങ്ങ് ബോർഡ് മെമ്പറും, ലോക സഞ്ചാരിയുമായ സന്തോഷ് ജോർജ്ജ് കുളങ്ങര, പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കെ.എസ്.ഐ.ഡി.സി. മാനേജിങ്ങ് ഡയറക്ടർ ആന്റ് അഡിഷണൽ സെക്രട്ടറി പി.ആർ.ഡി. ആന്റ് വ്യവസായ വാണിജ്യ ഡയറക്ടറുമായ എസ്. ഹരി കിഷോർ ഐ.എ.എസ്, മുൻ സംസ്ഥാന പ്രസിഡന്റും, മുൻ എം.എൽ.എ. യുമായ വി.കെ. സി. മമ്മദ് കോയ, എസ്.എൽ.ബി.സി. കൺവീനർ ആന്റ് കാനറാ ബാങ്ക് മാനേജർ കെ.എസ്. പ്രദീപ്, കൂടാതെ 14 ജില്ലയിൽ നിന്നുള്ള കെ.എസ്.എസ്.ഐ.എ. പ്രതിനിധികളും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ വച്ച് ബഹു.വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് കെ.എസ്.എസ്.ഐ.എ. യുടെ മെമ്പർഷിപ്പ് സോഫ്റ്റ് വെയർ ലോഞ്ച് ചെയ്തു.

കേരളത്തിന്റെ വ്യവസായ അന്തരീക്ഷം ഒരു മാറ്റത്തിന്റെ പാതയിലാണ്. ഈസ് ഒഫ് ഡൂയിങ് ബിസിനസിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. 3 വർഷത്തിനുള്ളിൽ കേരളത്തിലുണ്ടായത് 32,000 കോടിയുടെ നിക്ഷേപമാണ്. ഇവിടെ നിക്ഷേപം നടത്തു എന്ന ആഹ്വാനമാണ് വ്യവസായ സൗഹൃദ റാങ്കിങ്ങിലെ നേട്ടങ്ങളിലൂടെ പ്രഖ്യാപിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഇപ്പോൾ എവിടെയും വ്യവസായം തുടങ്ങാവുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അപേക്ഷിച്ചാൽ ഉടനെ തന്നെ ലൈസൻസ് ലഭ്യമാകും. ഫെബ്രുവരി 21 നും, 22 നും ആഗോള നിക്ഷേപ ഉച്ചകോടി നടത്തും. ലോകത്ത് ഏറ്റവും കൂടുതൽ ബ്ലഡ് ബാഗുകൾ ഉത്പാദിപ്പിക്കുന്നത് കേരളത്തിലാണ്. ഏറ്റവും കൂടുതൽ സ്പൈസസ് എക്സ്ട്രാക്ഷൻ അതായത് സ്പൈസസ് എക്സ്ട്രാക്ട് ചെയ്ത് ഓയിൽ എടുക്കുന്ന യൂണിറ്റുകൾ കൂടുതലുള്ളത് കേരളത്തിലാണ്. പതിറ്റാണ്ടുകളായി കാത്തിരുന്ന ലാൻഡ് പോളിസി നിലവിൽ വന്നു. വ്യവസായത്തിന്റെ ഉടമസ്ഥ അവകാശം മാറ്റാനോ ഉൽപ്പന്നം മാറ്റാനോ ഇപ്പോൾ യാതൊരു ബുദ്ധിമുട്ടുമില്ല.




വി.കെ.സി. മമ്മദ് കോയ യോഗത്തിൽ പ്രസംഗിക്കുന്നു.




യോഗത്തിന്റെ മുഖ്യ അതിഥിയായ സന്തോഷ് ജോർജ്ജ് കുളങ്ങര മുഖ്യ പ്രഭാഷണം നടത്തുന്നു.

## അവാർഡ് ദാന ചടങ്ങിന്റെ ദൃശ്യങ്ങൾ










സ്വകാര്യ മേഖലയിൽ 25 ഓളം വ്യവസായ പാർക്കുകൾ അനുവദിച്ചിരിക്കുന്നു. അത് ഇനിയും മുന്നോട്ടു കൊണ്ടുപോകും. ക്യാമ്പസുകളിൽ ഇൻഡസ്ട്രി യൽ പാർക്കുകൾ ആരംഭിച്ചിരിക്കുന്നു. 25 ക്യാമ്പസ് പാർക്കുകൾ ഉടനടി ആരംഭിക്കുവാൻ ആണ് ഉദ്ദേശിച്ചിരിക്കുന്നത്. മാരിടൈം ബോർഡ് അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചിരിക്കുന്നു. വ്യവസായ എസ്റ്റേറ്റുകളിലെ നികുതികൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നിയമനിർമാണം ഉടനടി നിലവിൽ വരും. വിദേശ നിക്ഷേപകർ ധാരാളമായി കേരളത്തിൽ എത്തിത്തുടങ്ങി. കേരള സർക്കാരിന്റെ പോളിസി എന്നതിലുപരി കേരളത്തെ ഒരു ബ്രാൻഡ് ആയി അവതരിപ്പിക്കണം എന്ന് ബഹു. മന്ത്രി എല്ലാവരോടും അഭ്യർത്ഥിച്ചു.

അഭിനന്ദനങ്ങൾക്ക് നന്ദി പറഞ്ഞു കൊണ്ട് പ്രസിഡന്റ് എ. നിസാറുദ്ദീൻ സംസാരിച്ചു. കൊല്ലം ജില്ലാ ഭാരവാഹി, സംസ്ഥാന ജോ. സെക്രട്ടറി, സംസ്ഥാന ട്രഷറർ, സംസ്ഥാന വൈസ് പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. സംസ്ഥാന സംഘടനയുടെ പ്രവർത്തനങ്ങൾ വ്യവസായി കളുടെ പരിഹരിക്കപ്പെടാത്ത വിഷയങ്ങൾക്ക് ശ്രദ്ധ ഊന്നി കൊണ്ടായിരിക്കും ഈ ഭരണ സമിതി പ്രവർത്തിക്കുക. അതിന് മുൻ ഭാരവാഹികളുടെയും കമ്മിറ്റി അംഗങ്ങളുടെയും പൂർണ്ണ സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പ്രസിഡന്റ് എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറഞ്ഞു. തുടർന്ന് സൗത്ത് സോൺ വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

# KSSIA State Office Bearers for the Year 2024-2026

## State President

**Sri. A.Nizarudeen**
M/s. Naz Wood Industries
T.K.M.C. P.O., Karicode,
Kollam - 5.
Ph: 0474 2710078 (O), 2713018 (R)
Mob: 94477 10078
Email: nazwoodind@gmail.com

## State General Secretary

**Sri. Joseph Paikada**
M/s.Indo-Malabar Foods
Kanhirangad,Taliparamba,
Kannur - 670142.
Mob: 9497224422
Off: 0460-2202742
Email: josephpaikada@gmail.com

## State Vice - Presidents

### South Zone

**Sri. A. Fasiludeen**
M/s.Travancore New Tech
Interlock Bricks
Pulimath, Karette,
Trivandrum - 695 612
Mob: 94007 04000
Email:
123thoppil@gmail.com

### Central Zone

**Sri. P.J. Jose**
M/s. Popular Candles
Marrottichuvadu, Edapally.
Cochin - 682 024
Mob: 98460 53553
0484 - 2575456
Email: info@
manoramasalescorporation.com

### North Zone

**Sri. A.V. Sunil Nath**
M/s. Ferrero Vinyl
Technologies (Pvt) Ltd.
7/342, Kolathara (P.O),
Kozhikode - 673655.
Mob: 93497 44145
Off: 89211 01020
sunilnath@walkaroogroup.com

## State Joint Secretaries

### South Zone

**Sri. M.S. Anaz**
M/s.Manara Bio Pharma
ID Plot, Aroor,
Alappuzha - 688534.
Ph: 0478 - 2873644, 2874540
Mob: 9847042743
Email:
anazmanara@gmail.com

### Central Zone

**Sri. M.M. Mujeeb Rahiman**
M/s. Kemi Veneers
XVII/247, 3rd Floor,
Kemi Estate, Opp. Post Office,
Perumbavoor,
Ernakulam - 683542.
Mob: 94477 36134
Email: kemply@rediffmail.com

### North Zone

**Sri. Anvar K.V.**
M/s. Modern Distropolis Limited
Cheppur,
Anakkayam.P.O.,
Malappuram.
Mob: 9349935511
Email:
anvar.modern@yahoo.com

## State Treasurer

**Sri. Jayakrishnan. B.**
M/s. Toyo Rubbers,
Kumaramangalam.P.O., Thodupuzha - 685608.
Ph: 04862 201569, Mob: 94473 30569
Email: jayakrishnantoyo@yahoo.co.in

# ജില്ലാ വാർത്തകൾ




ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിൽ കേരളം ഒന്നാം റാങ്കിലേക്ക് എത്തിയതിന് കെ.എസ്.എസ്.ഐ.എ. നൽകിയ സഹകരണവും പിന്തുണയും കണക്കിലെടുത്ത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീന് മെമന്റോ നല്കി ആദരിക്കുന്നു.



സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.




സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസ് സ്വാഗത പ്രസംഗം നടത്തുന്നു.




സംസ്ഥാന ജനറൽ കൗൺസിൽ യോഗത്തിൽ മുൻ സംസ്ഥാന പ്രസിഡന്റും, കെ.എസ്.എസ്.എഫ്. ചെയർമാനുമായ എം. ഖാലിദ് മുഖ്യപ്രഭാഷണം നടത്തുന്നു.

## നമ്മുടെ വ്യവസായം

- ✓ വ്യവസായ സംബന്ധമായ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി പറയുന്നു.
- ✓ കെ.എസ്.എസ്.ഐ.എ. ന്യൂസിലൂടെ വായനക്കാരുടെ പ്രതികരണങ്ങൾ ഞങ്ങൾ പ്രസിദ്ധികരിക്കുന്നു. E-Mail: kssianews@gmail.com, kssiastate@gmail.com



# EXPRESS LOAN FOR MACHINERY

**Objective**

- Expeditious sanction of term loan through automated platform for purchase of machines/equipment.

**Eligible Expenditure**

- Acquisition of Plant and Machinery & equipments.

**Eligibility**

- MSME units in operation for at least 3 years.
- Mandatory Udyam & GST Registration.
- Filed Income tax returns for last 3 years.

**Key Features**

- Automated loan processing.
- Seamless loan application journey.
- Immediate In-Principle offer.
- Term loan upto ₹ 1 crore.
- Up to 100% financing with FD as collateral.
- Low processing fees
- Quick sanction and disbursement

**Interest Rate & Repayment**

- MCLR linked attractive interest rate.
- Repayment upto 5 years.

To know more visit : www.sidbi.in
Apply for loan here : https://onlineloanappl.sidbi.in/OnlineApplication/
Feedback/Contact us at :- kochi@sidbi.in
Follow us: @SIDBIOfficial

25th October 2024, Kalamassery
Regn. No. KERBIL/2005/23143
KSSiA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Licensed to Post without Pre-payment KL/CR/EKM/WPP-3/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.